റേഷൻ തീയറ്റർ, രണ്ടു കിടക്കകളുള്ള ഐ.സി.യു, റീസസിസ്റ്റേഷൻ മുറി മുതലായ സംവിധാനങ്ങളും ട്രോമോകെയർ യൂണിറ്റിനായുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അഞ്ചു മെഡിക്കൽ കോളേജുകളിലായി പാരാമെഡിക്കൽ സ്റ്റാഫിന്റെ 707 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ഡി) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് ഘട്ടംഘട്ടമായി പടിപടിയായി നിരോധിക്കണമെന്നാണ് ജയചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ. കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള സേവനവേതന വ്യവസ്ഥകൾ നടപ്പിലാക്കിയശേഷം മാത്രമേ സ്വകാര്യ പ്രാക്ടീസ് നിറുത്തലാക്കാവു. അല്ലെങ്കിൽ ഫലം ആത്മഹത്യാപരമായിരിക്കും എന്നും കമ്മിഷൻ വ്യക്തമാക്കിയിട്ടുണ്ട്. തുടക്കമെന്നനിലയിൽ റീജിയണൽ കാൻസർ സെന്ററിൽ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിക്കുകയുണ്ടായി.

ടൈഫോയിഡും എലിപ്പനിയും നിയന്ത്രിക്കുന്നതിന് നടപടി

93 (142) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടർന്നുപിടിച്ച ടൈഫോയിഡും എലിപ്പനിയും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം സാംക്രമിക രോഗങ്ങൾ പടരാനിടയായ സാഹചര്യങ്ങളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ടൈഫോയിഡ് രോഗം ഒരു എപ്പിയമിക് എന്ന നിലയിൽ കാണപ്പെട്ടത് മലപ്പുറത്തും, എറണാകുളത്തും മാത്രമാണ്. കൂടാതെ മറ്റ് ചിലയിടത്ത് ഒറ്റപ്പെട്ട രോഗബാധയാണുണ്ടായിട്ടുള്ളത്. മലിനമായ ജലത്തിൽകൂടിയും ഭക്ഷണ പദാർത്ഥങ്ങളിൽകൂടിയും പകരുന്ന ഒരു രോഗമാണ് ടൈഫോയിഡ്. ഇത് നിയന്ത്രണവിധേയമാക്കാൻ താഴെപറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി:-

1. രോഗബാധിത പ്രദേശങ്ങളിലെ കിണറുകളിലും മറ്റും ക്ലോറിനേഷൻ നടത്തുകയും വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ ശുദ്ധജലവിതരണം സാദ്ധ്യമാക്കാനുള്ള നർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
2. കോർണർ മീറ്റിംഗുകളും മൈക്ക് പ്രചരണവും നോട്ടീസ് വിതരണവും വഴി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതു വഴി രോഗം പടർന്നുപിടിക്കുന്നത് നിയന്ത്രിക്കുവാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

3. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി.

4. രോഗികളുടെ കുടുംബാംഗങ്ങൾക്കും, അടുത്തു പ്രവർത്തിക്കുന്ന ആൾക്കാർക്കും പ്രതിരോധ മരുന്നുകൾ നൽകി.

5. പൊതുമരാമത്തു വകുപ്പ്, വാട്ടർ അതോറിറ്റി, പൊതുജന പ്രതിനിധികൾ, ആരോഗ്യ വകുപ്പ് അധികൃതർ, ജില്ലാ കളക്ടർ എന്നിവരുമായി ചേർന്ന് ചർച്ചനടത്തി, ആവശ്യ മായ നടപടികൾ കൈക്കൊണ്ടു.

6. രോഗവാഹക സാദ്ധ്യതയെക്കുറിച്ച് പഠിക്കുവാൻ തിരുവ നന്തപുരം, മെഡിക്കൽ കോളേജിലെ പി.ഇ.ഐ.ഡി. സെല്ലും ആരോഗ്യ വകുപ്പു ഡയറക്ടറേറ്റും ചേർന്ന് പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

എലിപ്പനി നിയന്ത്രിക്കുന്നതിനായി രോഗലക്ഷണം കണ്ടാൽ തിരിച്ചറി യുന്നതിനും, രോഗാണുബാധ തടയുന്നതിനും പൊതുജന ബോധവൽക്ക രണം നടത്തിവരുന്നു. മെഡിക്കൽ ആഫീസർമാർക്ക് ആവശ്യമായ നടപടി കൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പൊതുജനാരോഗ്യ വകുപ്പിന്റെ സംസ്ഥാനതല ഉദ്യോഗ സ്ഥരും, മെഡിക്കൽ കോളേജിലെ സാംക്രമികരോഗ സെല്ലും നടത്തിയ നിരീ ക്ഷണങ്ങളും പഠനങ്ങളും വഴി ശുദ്ധജല വിതരണത്തിന്റെ അപര്യാപ്തത, ചേരിപ്രദേശങ്ങളിലെ ജനബാഹുല്യത, കിണറുകളും സെപ്റ്റിക് ടാങ്കുകളും തമ്മിലുള്ള ദൂരക്കുറവ് എന്നിവ എറണാകുളത്ത് ടൈഫോയിഡ് രോഗം പടർന്നുപിടിക്കുന്നു എന്ന് കാരണങ്ങളായി കണ്ടുപിടിച്ചു. മലപ്പുറത്ത് ആദ്യ മായി ഉണ്ടായ രോഗബാധ കല്യാണസദ്യയിൽ മലിനജലം ഉപയോഗിച്ചതി നാലും, അരിക്കോട് പഞ്ചായത്തിൽ ഉപയോഗിക്കാതിരുന്ന ഒരു കിണ റ്റിൽനിന്നും വെള്ളമെടുത്ത് ഐസ് ക്രീം ഫാക്ടറിയിൽ ഉപയോഗിച്ചതി നാലും ആണെന്ന് തെളിഞ്ഞിട്ടുണ്ട്. രോഗവാഹകനില കണ്ടുപിടിക്കുവാൻ മെഡിക്കൽ കോളേജിലെ സാംക്രമിക രോഗസെല്ലും, പൊതുജനാരോഗ്യ വകുപ്പും ചേർന്ന് പഠനം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിപ്പനി യെപ്പറ്റി കൂടുതൽ പഠനം നടത്തുവാൻ ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരി ച്ചിട്ടുണ്ട്.

രോഗചികിത്സയ്ക്ക് നേരിടേണ്ടതായിവരുന്ന ചെലവ്

94 (143) <u>ശ്രീ. കെ. അച്ചുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും രോഗ ചികിത്സയ്ക്ക് നേരിടേണ്ടതായി വരുന്ന ചെലവ് റീഇമ്പേഴ്സ്മെന്റ് ചെയ്തു കൊടുക്കാൻ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ അതിനുള്ള ക്ലെയിം നൽകേണ്ടത് ചികിത്സ അവസാ നിക്കുന്ന തീയതി മുതൽ മൂന്നുമാസത്തിനുള്ളിലാണോ അതോ രോഗപരി ശോധന നടത്തുന്നതിനുള്ള ചെലവ് വഹിച്ചതായി കാണിക്കുന്ന ബില്ലിന്റെ തീയതി മുതൽ മൂന്നുമാസത്തിനുള്ളിലാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly